**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4694** **02-07-2024 - ൽ മറുപടിയ്ക്ക്**

**എ.ഡി.ബി.യുടെ സഹായത്തോടെ കൊച്ചി നഗരത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | എ.ഡി.ബി. സഹായത്തോടെ കൊച്ചി നഗരത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ കരാർ തുക കുറയ്ക്കണമെന്ന് കരാർ ഏറ്റെടുത്ത കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു ആവശ്യം ഉന്നയിച്ചത് എന്നറിയിക്കാമോ; | (എ) | ആവശ്യപ്പെട്ടിട്ടുണ്ട്. ദർഘാസ് നടപടികളിൽ കരാറുകാർ ക്വാട്ട് (quote) ചെയ്തതിനു ശേഷം, ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ കരാറുകാരൻ ക്വാട്ട് ചെയ്ത തുക, ദർഘാസ് തുകയുടെ പത്ത് ശതമാനത്തിൽ അധികം രേഖപ്പെടുത്തിയതിനാലാണ് കരാർ തുക കുറയ്ക്കാൻ ആവശ്യപ്പെട്ടത്.<br><br>ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ കരാറുകാരനുമായി പദ്ധതിയുടെ കരാർ തുക കുറയ്ക്കണമെന്ന് negotiation എന്ന രീതിയിൽ എഡിബിയുടെ അനുമതി പ്രകാരം രണ്ടുതവണ ചർച്ചകൾ നടത്തി ആവശ്യപ്പെട്ടിരുന്നു.<br><br>അത് പ്രകാരം കമ്പനി ആദ്യം രേഖപ്പെടുത്തിയ തുകയിൽ നിന്ന് കുറവ് വരുത്തിയിരുന്നു. കൂടാതെ സ്റ്റേറ്റ് ലെവൽ എംപവർഡ് കമ്മിറ്റിയുടെ (SLEC) നിർദ്ദേശപ്രകാരം മൂന്നാമതും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കമ്പനിയോട് തുക കുറയ്ക്കുവാൻ ആവശ്യപ്പെട്ടു. |
| (ബി) | പ്രസ്തുത ആവശ്യം കമ്പനി അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് കാരണമാണ് കമ്പനി ചൂണ്ടിക്കാട്ടിയിട്ടുള്ളത്; മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും കരാർ ലഭിച്ച കമ്പനി ക്വാട്ട് ചെയ്ത തുക എത്രയാണെന്നും അറിയിക്കാമോ; ഇക്കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | കമ്പനി ആവശ്യം അംഗീകരിച്ച് തുക കുറച്ചു തന്നിട്ടുണ്ട്. എസ്റ്റിമേറ്റ് തുക 798.13 കോടി രൂപയാണ്. കരാറുകാരൻ ക്വാട്ട് ചെയ്ത തുക 999.0 കോടി രൂപയാണ്. പദ്ധതിയുടെ ദർഘാസ് ഇപ്പോൾ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ